Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം. KITE/2019/1515-6(5) തീയതി: 26.06.2019

## സർക്കുലർ

വിഷയം:- കൈറ്റ് - ഹൈടെക് സ്കൂൾ പദ്ധതി - സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിലേക്ക് മൾട്ടിഫംഗ്ഷൻ പ്രിന്റർ വിതരണം ചെയ്യുന്നതിനുള്ള നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന : - 1. സ. ഉ(സാധാ) നം. 3732/16/പൊ.വി.വ തീയതി 07.11.2016.
2. സ. ഉ(സാധാ) നം. 165/2018/പൊ.വി.വ തീയതി 10.01.2018.
3. കൈറ്റ് വൈസ് ചെയർമാന്റെ 19.01.2018-ലെ KITE/2018/1515-6(3) നമ്പർ സർക്കുലർ.
4. കൈറ്റ് വൈസ് ചെയർമാന്റെ 17.01.2018 ലെ KITE/2018/1515-6(1) നമ്പർ സർക്കുലർ.

ഹൈടെക് സ്കൂൾ പദ്ധതിയുടെ ഭാഗമായുള്ള മൾട്ടിഫംഗ്ഷൻ പ്രിന്റർ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളുകളിൽ വിതരണം ചെയ്യുന്നതാണ്. 2019 ജൂൺ അവസാനവാരം മുതൽ (പ്രിന്റർ ആവശ്യപ്പെട്ട സ്കൂളുകൾക്ക്) ജില്ലാ ഓഫീസിൽ നിന്നും ലഭ്യമാക്കുന്നതാണ്. സ്കൂളുകൾക്ക് മൾട്ടിഫംഗ്ഷൻ പ്രിന്റർ വിതരണം ചെയ്യുന്നതു സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. Canon കമ്പനിയുടെ Imageclass MF232W, Samsung കമ്പനിയുടെ Xpress SL-M2876ND എന്നീ മോഡൽ മൾട്ടിഫംഗ്ഷൻ പ്രിന്ററുകളിൽ ഏതെങ്കിലും ഒന്നാണ് സ്കൂളുകൾക്ക് വിതരണം ചെയ്യുന്നത്. ജില്ലാ ഓഫീസിൽ നിന്നും അറിയിക്കുന്നതനുസരിച്ച് സ്കൂൾ പ്രഥമാധ്യാപകർ പ്രിന്ററുകൾ കൈപ്പറ്റി രസീത് നൽകേണ്ടതാണ്.
2. സ്കൂളുകൾക്ക് നൽകുന്ന പ്രിന്ററിന്റെ ഉപയോഗവും പരിപാലനവും സംബന്ധിച്ച പരിശീലനം കൈറ്റിന്റെ ജില്ലാ ഓഫീസിൽ നടത്തേണ്ടതാണ്.
3. ഓരോ സ്കൂളിനും ലഭിക്കുന്ന പ്രിന്റർ വിതരണകേന്ദ്രത്തിൽനിന്നും കൊണ്ടു പോകുന്നതിനുമുൻപ് യാതൊരുവിധ ഫിസിക്കൽ ഡാമേജും ഇല്ലായെന്ന് സ്കൂൾ അധികൃതർ പരിശോധിച്ചുറപ്പാക്കേണ്ടതാണ്.
4. വിതരണ കൗണ്ടറിൽ നിന്നും തിരിച്ചുപോകുന്നതിനു മുൻപ് പ്രിന്ററോടൊപ്പമുള്ള എല്ലാ ഘടകങ്ങളും ലഭിച്ചിട്ടുണ്ടെന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. അനുബന്ധ ഉപകരണങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

- Multifunction Printer (Cannon-Imageclass_MF232W / Samsung-Xpress_SL-M2876ND)
- Toner Cartridge (Full Tonner with minimum 1500 Page capacity)
- Power-cord
- USB Cable
- Driver CD/DVD
- User Manual

5. സ്കൂളിന്റെ പൊതുവായ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനാണ് മൾട്ടിഫംഗ്ഷൻ പ്രിന്റർ ലഭ്യമാക്കുന്നത്.

6. വിതരണം നടത്തുമ്പോൾതന്നെ എല്ലാ പ്രിന്ററുകളും ടെസ്റ്റ് ചെയ്യാനുള്ള സജ്ജീകരണങ്ങൾ എല്ലാ ജില്ലാ ഓഫീസുകളും ഒരുക്കേണ്ടതാണ്. അതിനായി ഡ്രൈവർ ഇൻസ്റ്റാൾ ചെയ്തിട്ടുള്ള മൂന്ന് ലാപ്ടോപ്പുകളും പ്രിന്ററുകൾക്കാവശ്യമുള്ള പ്ലഗ് പോയിന്റുകളും ടെസ്റ്റിംഗിനായി തരുന്ന ടോണർ കാട്രിഡ്ജുകളും സജ്ജീകരിക്കേണ്ടതാണ്.

7. വിതരണ സ്ഥലത്ത് വച്ച് തന്നെ എല്ലാ സ്കൂൾ അധികൃതരും ടെക്നിക്കൽ അസിസ്റ്റന്റിന്റെയോ മാസ്റ്റർ ട്രെയിനറുടെയോ സഹായത്തോടു കൂടി വിതരണസ്ഥലത്തു വെച്ച തന്നെ ടെസ്റ്റിംഗ് ടോണർ ഉപയോഗിച്ച് പ്രിന്റ്, സ്കാൻ, കോപ്പി എന്നിവ പ്രവർത്തനക്ഷമമാണോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

8. സ്റ്റോക്ക് രജിസ്റ്ററിൽ മൾട്ടിഫംഗ്ഷൻ പ്രിന്ററിന്റെ വിശദാംശങ്ങൾ ഉൾപ്പെടുത്തി പ്രഥമാധ്യപകൻ ഒപ്പിട്ട് സൂക്ഷിക്കേണ്ടതാണ്.

9. സൂചന 2 പ്രകാരം സ്കൂളുകളിൽ ഫലപ്രദമായി ഐ.ടി ഉപകരണങ്ങൾ ഉപയോഗിക്കാത്ത പക്ഷം കൈറ്റ്/വിദ്യാഭ്യാസ വകുപ്പ് ടി ഉപകരണങ്ങൾ തിരികെ എടുക്കുന്നതാണ്.

10. സ്കൂളുകൾക്ക് വിതരണം ചെയ്യുന്ന മൾട്ടിഫംഗ്ഷൻ പ്രിന്ററിന് അഞ്ച് വർഷത്തെ ഓൺസൈറ്റ് വാറണ്ടിയുണ്ട്. അതിനാൽ ഉപകരണത്തിന് കേടുപാട് സംഭവിച്ചാൽ kite.kerala.gov.in/support എന്ന വെബ് സൈറ്റിൽ ഉടൻതന്നെ complaint രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്യുന്നതിന് ഏതെങ്കിലും വിധത്തിൽ പ്രയാസം നേരിട്ടാൽ 1800 425 6200 എന്ന ടോൾഫ്രീ നമ്പരിൽ അറിയിച്ച് complaint രജിസ്റ്റർ ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ അതത് സ്കൂളുകൾ സ്വീകരിക്കേണ്ടതാണ്.

**മൾട്ടിഫംഗ്ഷൻ പ്രിന്റർ ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

- ഐടി @സ്കൂൾ ഗ്നൂ ലിനക്സിൽ ഇൻസ്റ്റാൾ ചെയ്യുന്നതിന് ആവശ്യമായ ഡ്രൈവർ പാക്കേജ് (പ്രിന്റർ/സ്കാനർ) പ്രിന്ററിനൊപ്പം ലഭ്യമാക്കിയിട്ടുണ്ട്. കൂടുതൽ വിവരങ്ങൾക്കും ഇൻസ്റ്റലേഷനും DVD യിലെ യൂസർ മാന്വൽ കാണുക.

- നെറ്റ്‌വർക്ക്/യു.എസ്.ബി പോർട്ടുകൾ വഴി കണക്ട് ചെയ്യാവുന്ന പ്രിന്ററുകളാണ് സ്കൂളുകൾക്ക് അനുവദിച്ചിരിക്കുന്നത്. നെറ്റ്‌വർക്ക് സംവിധാനമുള്ള സ്കൂളുകളിൽ പ്രിന്ററുകൾ നെറ്റ്‌വർക്ക് പോർട്ട് വഴി കണക്ട് ചെയ്യുന്നതായിരിക്കും അഭികാമ്യം.
- മൾട്ടിഫംഗ്ഷൻ പ്രിന്ററുകൾക്ക് അനുയോജ്യമായ പേപ്പറുകളാണ് പ്രിന്റ്/കോപ്പി എടുക്കുന്നതിന് ഉപയോഗിക്കേണ്ടത് (75GSM ത്തിനു മുകളിൽ). A6, A5. JIS B5, Letter, A4 സൈസ് പേപ്പറുകൾ ഉപയോഗിക്കാൻ കഴിയുന്ന പ്രിന്ററുകളാണ് നൽകുന്നത്.
- മൾട്ടിഫംഗ്ഷൻ പ്രിന്ററിൽ പേപ്പറുകൾ കടന്നുപോകുന്നത് റോളർ, സെൻസർ എന്നിവയുടെ സഹായത്തോടെയാണ്. ആയതിനാൽ മടങ്ങിയതോ കേടായതോ (ഉദാ: എണ്ണമയമുള്ളത്, പശയുള്ളത്) സ്റ്റേപ്പിൾസ് ചെയ്തതോ ആയ പേപ്പറുകൾ ഉപയോഗിച്ചാൽ പ്രിന്റർ തകരാറിലാകും. അതുകൊണ്ട് യാതൊരു കാരണവശാലും ഇത്തരം പേപ്പറുകൾ ഉപയോഗിക്കരുത്.
- പ്രിന്റ്/കോപ്പി എടുക്കുമ്പോൾ പേപ്പർ ട്രേകൾ യാതൊരു കാരണവശാലും തുറക്കാൻ ശ്രമിക്കരുത്. ഇത് പേപ്പർ കുരുങ്ങി പ്രിന്റർ തകരാറിലാകുന്നതിന് കാരണമാകും.
- കേടായ ടോണർ കാട്രിഡ്ജോ/ഉപയോഗശൂന്യമായ ടോണർ കാട്രിഡ്ജോ വീണ്ടും ഉപയോഗിക്കരുത്. ഇപ്രകാരം ചെയ്താൽ പ്രിന്ററിന്റെ ഘടകങ്ങളെ, ഫ്യൂസറിനെ തകരാറിലാക്കും.
- ടോണർ കാട്രിഡ്ജ് മാറ്റുമ്പോൾ പ്രത്യേക ശ്രദ്ധ നൽകേണ്ടതാണ്. ശ്രദ്ധയില്ലാതെ കാട്രിഡ്ജുകൾ ഘടിപ്പിക്കുന്നത് പ്രിന്ററിന്റെ പ്രവർത്തനത്തെ തകരാറിലാക്കും.
- മൾട്ടിഫംഗ്ഷൻ പ്രിന്റർ വൃത്തിയായി സൂക്ഷിക്കേണ്ടതാണ്. പ്രിന്റർ വൃത്തിയാക്കുന്നതിന് പ്രത്യേകിച്ച് സ്കാനറിന്റെ ഉപരിതലം soft cloth മാത്രം ഉപയോഗിക്കേണ്ടതാണ്.

വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ

എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ, ഹയർസെക്കൻഡറി/വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂൾ പ്രഥമാധ്യാപകർക്കും (ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ
എല്ലാ ആർ.ഡി.ഡി./എ.ഡി. മാർക്കും
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും
കൈറ്റിലെ എല്ലാ ജില്ലാ കോ-ഓർഡിനേറ്റർമാർക്കും
സ്റ്റോക്ക് ഫയൽ